**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 972** **24-02-2022 - ൽ മറുപടിയ്ക്ക്**

**അരുണാപുരം റെഗുലേറ്റർ-കം-ബ്രിഡ്ജ് പൂർത്തീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പാലാ മണ്ഡലത്തിലെ അരുണാപുരം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | പാലാ മണ്ഡലത്തിലെ അരുണാപുരം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പ്രവൃത്തി റീടെൻഡർ ചെയ്യുവാനായി 16/02/2021-ലെ സ.ഉ(സാധാ)117/2021/ജവിവ നമ്പർ ഉത്തരവിൻ പ്രകാരം പദ്ധതി വിഭാഗം-2 ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. കഴിഞ്ഞ മൂന്ന വർഷംകൊണ്ടുണ്ടായ പ്രളയത്തിൽ വന്ന വ്യതിയാനങ്ങൾ കാരണം പ്രവൃത്തിയുടെ നിർദ്ദിഷ്ട ലൊക്കേഷൻ പഠന വിധേയമാക്കണമെന്ന് ഐ.ഡി.ആർ.ബി ചീഫ് എഞ്ചിനീയർ അഭിപ്രായപ്പെട്ടിരുന്നു. ഇതിനിടയിൽ 4.6 കി.മീറ്റർ മുകൾ ഭാഗത്ത് "കളരിയമാക്കൽ" ചെക്ക് ഡാം പണി പൂർത്തിയായതിനാൽ നിർദ്ദിഷ്ട അരുണാപുരം മിനി ഡാം വരുന്നതുമൂലം ഉണ്ടാകുന്ന ജലനിരപ്പ് ഉയർച്ച കളരിയമാക്കൽ ചെക്ക് ഡാമിന്റെ ജലനിരപ്പിന്റെ അടിസ്ഥാനത്തിൽ പരിഗണിച്ച് നിർദ്ദിഷ്ട സ്ഥലത്തുതന്നെ പണിയാമോ എന്നതു സംബന്ധിച്ച് വിശദമായ സാങ്കേതിക പഠനം നടത്തേണ്ടതുണ്ട്. ഇതിനായി ടൊപ്പോഗ്രാഫിക്കൽ സർവ്വേ പഠനം നടത്തി വരുന്നു. കൂടാതെ നിർദ്ദിഷ്ട ലൊക്കേഷന്റെ structural stability യിന്മേലുള്ള ഐ.ഡി.ആർ.ബി-യുടെ വിലയിരുത്തൽ പുന: പരിശോധിക്കാൻ വകുപ്പിനു പുറത്തുള്ള സാങ്കേതിക വിദഗ്ധരുടെ അഭിപ്രായം തേടുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ